# 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2021 ഒക്ടോബർ 11-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

1533/2021.

## ഉള്ളടക്കം

*പേജ്*


| | | | |
|---|---|---|---|
| 1. | ഘടന | .. | v |
| 2. | റിപ്പോർട്ട് | .. | 1 |
| 3. | അനുബന്ധം : | | |
| | (I) വിയോജനക്കുറിപ്പ് | .. | 3 |
| | (II) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 5 |

# സബ്ജക്ട് കമ്മിറ്റി VIII
# (സാമ്പത്തിക കാര്യങ്ങൾ)
# (2021-2023)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. കെ. എൻ. ബാലഗോപാൽ,
ധനകാര്യ വകുപ്പുമന്ത്രി.

എക്സ് -ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ,
തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി.

ശ്രീ. വി.എൻ. വാസവൻ,
സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ഡോ. കെ. ടി. ജലീൽ

ശ്രീ. ഡി. കെ. മുരളി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. ഇ. കെ. വിജയൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു. എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി.

# 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയച്ച 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ (ബിൽ നമ്പർ 52) സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും, അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ 2021 സെപ്റ്റംബർ 26 -ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2021 ഒക്ടോബർ 5-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സഭ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2021 ഒക്ടോബർ 5-ാം തീയതി സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

കെ. എൻ. ബാലഗോപാൽ,

*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2021 ഒക്ടോബർ 5.

അനുബന്ധം I

## വിയോജനക്കുറിപ്പ്

സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 3% ധനക്കമ്മിയ്ക്ക് പുറമേ 2019-20 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ ഒറ്റത്തവണയായി 1471 കോടി രൂപയുടെ അധികവായ്പ അനുവദിച്ചതും, 2020-21 സാമ്പത്തിക വർഷത്തിൽ ചില സംസ്ഥാനതല പരിഷ്കാരങ്ങൾക്ക് വിധേയമായി മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 2% അധിക വായ്പ അനുവദിച്ചതിനും അനുസൃതമായി പ്രസ്തുത സാമ്പത്തിക വർഷങ്ങളിലെ ധനപരമായ ലക്ഷ്യങ്ങൾ പുനഃക്രമീകരിക്കുന്നതിന് ധനസംബന്ധമായ ഉത്തരവാദിത്ത നിയമം ഭേദഗതി ചെയ്യുന്നതിനുള്ള വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2% അധിക വായ്പ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പരിഷ്കാരങ്ങൾ വൈദ്യുത മേഖലയുടെ സ്വകാര്യവൽക്കരണത്തിലേയ്ക്ക് നയിക്കുന്നതാണ്. വായ്പാ പരിധി ഉയർത്തുന്നതിനായി സംസ്ഥാനത്തിന്റെ പൊതു താല്പര്യം ഹനിയ്ക്കുന്നതിനോട് യോജിക്കാനാവില്ല.

സംസ്ഥാനത്തിന്റെ കടബാധ്യത ഉയരുമ്പോഴും മൂലധനച്ചെലവ് വർദ്ധിക്കുന്നില്ല. സാമ്പത്തിക അച്ചടക്കത്തോടെ ചെലവുകൾ ക്രമീകരിക്കുന്ന ഉത്തരവാദിത്തമുള്ള നയസമീപനം സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുന്നില്ല. സംസ്ഥാനം രൂക്ഷമായ ധനകാര്യ പ്രതിസന്ധി അഭിമുഖീകരിക്കുമ്പോഴും ധനകാര്യ നടപടികളിൽ സൂക്ഷ്മത പുലർത്തുവാൻ സാധിക്കാത്തതിനാൽ ബില്ലിലെ വ്യവസ്ഥകളോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

കെ. ബാബു (തൃപ്പൂണിത്തുറ) (ഒപ്പ്)

തിരുവഞ്ചൂർ രാധാകൃഷ്ണൻ (ഒപ്പ്)

എൻ. ഷംസുദ്ദീൻ (ഒപ്പ്)

അനുബന്ധം II

# 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

## 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ് (2003-ലെ 29) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) 2-ാം വകുപ്പിന്റെ (എ) ഖണ്ഡം 2020 ഫെബ്രുവരി 26-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും (ബി) ഖണ്ഡം 2020 മേയ് 17-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. 4-ാം വകുപ്പിനുള്ള ഭേദഗതി.—2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിലെ (2003-ലെ 29) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 4-ാം വകുപ്പിൽ,—

(എ) (2)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡത്തിന് താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, 2019-2020 സാമ്പത്തിക വർഷത്തിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3 ശതമാനം ധനകമ്മിക്ക് പുറമേ ഒറ്റത്തവണയായി 1471 കോടി രൂപ അധിക വായ്പ എടുക്കുന്നതിന് സംസ്ഥാനത്തിന് അർഹത യുണ്ടായിരിക്കുന്നതും പ്രസ്തുത ഒറ്റത്തവണ അധിക വായ്പ 2019-2020 സാമ്പത്തിക വർഷത്തിൽ തന്നെ ഉപയോഗപ്പെടുത്തേണ്ടതുമാണ് .";

(ബി) (2)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബിഎ) സംസ്ഥാനം 2020-21 സാമ്പത്തിക വർഷത്തിൽ ധനക്കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 3 ശതമാനം ആയി നിലനിർത്തേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 3 ശതമാനം ധനക്കമ്മിക്ക് പുറമെ ഒരു രാജ്യം ഒരു റേഷൻ കാർഡ് സംവിധാനം നടപ്പിലാക്കൽ, വ്യാപാരം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള പരിഷ്കാരങ്ങൾ, അർബൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ, ഊർജ്ജമേഖലയിലെ പരിഷ്കാരങ്ങൾ എന്നീ നാല് പ്രത്യേക സംസ്ഥാനതല പരിഷ്കാരങ്ങൾ നടപ്പിലാക്കണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, 2 ശതമാനം അധിക വായ്പ എടുക്കുന്നതിന് സംസ്ഥാനം അർഹമാകുന്നതാണ്. ഇപ്രകാരമുള്ള അധികവായ്പ 2020-21 വർഷത്തിൽ തന്നെ ഉപയോഗപ്പെടുത്തേണ്ടതുമാണ്.

കുറിപ്പ്:—(i) ഓരോ സംസ്ഥാനതല പരിഷ്കാരങ്ങൾക്കും മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 0.25 ശതമാനം വെയിറ്റേജ് എന്ന തോതിൽ ഒരു ശതമാനം അധികവായ്പയും;

(ii) ബാക്കിയുള്ള ഒരു ശതമാനം അധിക വായ്പ 0.50 ശതമാനം വീതം രണ്ട് ഗഡുക്കളായി സംസ്ഥാനത്തിന് ലഭ്യമാകുന്നതാണ്. ആദ്യത്തെ ഗഡുവായ 0.50 ശതമാനം നിബന്ധനകളൊന്നുമില്ലാതെ തന്നെ സംസ്ഥാനത്തിന് ലഭ്യമാകുന്നതും രണ്ടാമത്തെ ഗഡു ലഭ്യമാകുന്നതിന് മുകളിൽ പ്രസ്താവിച്ചിട്ടുള്ള നാല് സംസ്ഥാനതല പരിഷ്കാരങ്ങളിൽ മൂന്നെണ്ണം എങ്കിലും പാലിക്കേണ്ടതുമാണ്." .

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ഓർഡിനൻസ് (2021-ലെ 102) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, എസ്. വി. ഉണ്ണികൃഷ്ണൻ നായർ,

തിരുവനന്തപുരം, *സെക്രട്ടറി.*

2021 ഒക്ടോബർ 5.